പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2929. — 28.1.2014 - ൽ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

ചോദ്യം — ശ്രീ.ബി.സത്യൻ

മറുപടി — ശ്രീ. പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) അസാപ് (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) തിരുവനന്തപുരം ജില്ലയിൽ അടുത്ത അധ്യയന വർഷം ഏതെല്ലാം സ്കൂളുകളിൽ ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇത് കൊണ്ടുണ്ടാകുന്ന നേട്ടവും വ്യക്തമാക്കാമോ; ഇതിന്റെ മേൽ നോട്ടം ആരാണ് വഹിക്കുന്നത്;

(എ) തിരുവനന്തപുരം ജില്ലയിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പാക്കുന്നതിന് സൗകര്യം ഒരുക്കുന്ന എല്ലാ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കോഴ്സ് ആരംഭിക്കുന്നതാണ്.

പൊതു- ഉന്നത വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി നടത്തുന്ന ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് ചീഫ് സെക്രട്ടറി ചെയർമാനായ ഒരു ഉന്നതാധികാര സമിതിയാണ് മേൽനോട്ടം വഹിക്കുന്നത്. ഇതോടൊപ്പം പദ്ധതിയുടെ നടത്തിപ്പിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു മിഷൻ ഓഫീസും പ്രവർത്തിക്കുന്നുണ്ട്.

(ബി) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെവിടെയാണ് സ്കിൽ പാർക്ക് സ്ഥാപിക്കുന്നത്;

(ബി) ഇതു സംബന്ധിച്ച അന്തിമ തീരുമാനമെടുത്തിട്ടില്ല.

(സി) ഇതുമായി ബന്ധപ്പെട്ട് സ്ഥാപിക്കുന്ന കമ്മ്യൂണിറ്റി കോളേജുകളുടെ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ; കമ്മ്യൂണിറ്റി കോളേജുകൾ എവിടെയെല്ലാമാണ് തുടങ്ങുവാൻ കേന്ദ്രം അനുമതി നൽകിട്ടുള്ളത്; കമ്മ്യൂണിറ്റി കോളേജുകൾ എന്നു മുതൽ തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത്?

(സി അഡിഷണൽ സ്കിൽ അക്വിസിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഓരോ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമുമായി ബന്ധപ്പെട്ട് സ്ഥാപിക്കുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളും കമ്മ്യൂണിറ്റി കോളേജുകളും വ്യത്യസ്ത പദ്ധതികളാണ്.

ഔപചാരിക വിദ്യാഭ്യാസത്തിന് അവസരം ലഭിക്കാത്തവരും പഠനം പൂർത്തിയാക്കാൻ സാധിക്കാത്തവരുമായ ആളുകൾക്ക് ഏതെങ്കിലും മേഖലയിൽ തൊഴിൽ

വൈദഗ്ധ്യവും പരിശീലനവും നൽകി സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടു വരുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് കമ്മ്യൂണിറ്റി കോളേജുകൾ. രാജ്യത്ത് ആകെ 200 കോളേജുകളിൽ ആണ് ആദ്യഘട്ടത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇത് പ്രകാരം സംസ്ഥാനത്ത് ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ 2013 – 14 വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

<u>പോളിടെക്നിക്ക് കോളേജുകൾ</u>

1. ഗവ. പോളിടെക്നിക്ക് കോളേജ്, ആറ്റിങ്ങൽ
2. മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ചെമ്പൂക്കാവ്, തൃശ്ശൂർ
3. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജി & ഗവ. പോളിടെക്നിക്ക് കോളേജ്, ഷൊർണ്ണൂർ.
4. ഗവ. പോളിടെക്നിക്ക് കോളേജ്, പെരിന്തൽമണ്ണ
5. ഗവ. പോളിടെക്നിക്ക് കോളേജ്, കോട്ടയം

<u>സർക്കാർ കോളേജുകൾ</u>

1. ഗവ. കോളേജ്, ആറ്റിങ്ങൽ
2. ഗവ. കോളേജ്, കോട്ടയം
3. ഗവ. കോളേജ്, തൃശ്ശൂർ
4. ശ്രീ നീലകണ്ഠാ ഗവ. സംസ്കൃത കോളേജ്, പട്ടാമ്പി
5. പി.റ്റി.എം ഗവ. കോളേജ്, പെരിന്തൽമണ്ണ.

സെക്ഷൻ ഓഫീസർ